(ബി) അനുബന്ധമായി ചേർക്കുന്നു. †
(സി) ഒരു ലോഡും വീണ്ടും സ്വീകരിച്ചിട്ടില്ല.
(ഡി) ബാധകമല്ല.

(ഇ) (1) ശേഷസായി ആൻറ് കമ്പനി—25 ലോഡ്. മുളക്
(2) എ.വി.കെ. ട്രേഡേഴ്സ്—7 ലോഡ് മുളക്, 5 ലോഡ് ചെറുപയർ, 2 ലോഡ് ഉഴുന്നുപൊളി
(3) കിസാൻ എൻറർപ്രൈസസ്—8 ലോഡ് മല്ലി, 1 ലോഡ് തുവര പരിപ്പ്, 1 ലോഡ് വൻകടല

(എഫ്) ഗുണനിലവാരമില്ലാത്തതിൻെറ പേരിൽ നിരസിച്ച ശേഷം ഒരു ലോഡും വീണ്ടും സ്വീകരിച്ചിട്ടില്ല.

(ജി) 10 കേസുകൾ എടുത്തിട്ടുണ്ട്. പേരും കേസ് നമ്പരും താഴെ കൊടുക്കുന്നു:

	സപ്ലൈയറുടെ പേര്	ഇനം	കേസ് നമ്പർ
1.	അർജുൻ ഹെർബൽ പ്രോഡക്ട്സ്	ടെണ്ടർ പ്രകാരം മുഴുവൻ സാധനങ്ങളും തരാതിരുന്നതിന്	207/01
2.	അയേം സിൻഡിക്കേറ്റ്	,,	237/01
3.	സായ് തേജ എൻറർപ്രൈസസ്, കണ്ണൂർ	,,	414/02
4.	ആര്യാ ട്രാൻസ്	,,	291/03
5.	കോമളാ ട്രേഡിംഗ്	,,	346/03
6.	റഹ്മത്ത് സ്റ്റോഴ്സ്	ടെണ്ടർ പ്രകാരം പച്ചക്കറികൾ തരാതിരുന്നതിന്	601/03
7.	സി. എസ്. ഷാൻവാസ്	,,	455/04
8.	ശ്രാവൺ കുമാർ ട്രേഡേഴ്സ്	സിവിൽ സപ്ലൈസിലെ 2002-04 കാലഘട്ടത്തിലെ അഴിമതികളെക്കുറിച്ച്	10007/03
9.	എ.വി.കെ. ട്രേഡേഴ്സ്	ടെണ്ടർ പ്രകാരം സാധനങ്ങൾ നൽകാതിരുന്നതിന്	52/05
10.	ധനലക്ഷ്മി ട്രേഡേഴ്സ്	4 കോടി രൂപ വിലയുള്ള 8 ഇനത്തിന് ഓർഡർ കിട്ടിയ ശേഷം ഒന്നും നൽകാതെ പോയതിന്	972/04

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധന

74 [2063] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 4 എം. എം. ചെറു പയറിന് പകരം 2 എം. എം. ചെറുപയർ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻറ് ആൻറികറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിൻെറ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ചെറുപയറിൽ 4 എം. എം..-ന് മുകളിലുള്ളത് എത്ര ശതമാനമാണ്;

(സി) 4 എം. എം..-ന് താഴെയുള്ളത് എത്ര ശതമാനമാണ്?

ഉത്തരം

(എ) ഉണ്ട്. മിന്നൽ പരിശോധന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുള്ളതിനാൽ റിപ്പോർട്ടു കളുടെ പകർപ്പ് ലഭ്യമാക്കുവാൻ നിർവ്വാഹമില്ല.

(ബി, സി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ചെറുപയറിൻെറ ഗുണനിലവാരം തീരുമാനിക്കുന്നതിന് ഇന്നുവരെ വലിപ്പം ഒരു ഘടക മായിരുന്നില്ല. ആയതുകൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ചെറുപയറിൽ 4 എം. എം..-ന് മുകളിൽ വലിപ്പമുള്ളതും 4 എം. എം..-ന് താഴെ വലിപ്പമുള്ളതും എത്ര ശതമാനം എന്ന വിഷയത്തിൽ കണക്കുകൾ ലഭ്യമല്ല.

ഡ്രൈവർ തസ്തികകളുടെ ഒഴിവ്

75 [2064] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോഴും ഡ്രൈവർ തസ്തികകളുടെ ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ഉത്തരം

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോഴുള്ള എട്ട് ഡ്രൈവർമാരുടെ തസ്തികകളുടെ ഒഴിവ് സ്പെഷ്യൽ റിക്രൂട്ട്മെൻറിന് വേണ്ടി കേരള പബ്ലിക് സർവീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് (എസ്സ്. സി.-5, എസ്. ടി.-3) ഈ തസ്തികയിലേക്ക് 2-4-2005-ൽ എഴുത്തു പരീക്ഷ കഴിഞ്ഞിട്ടുണ്ട്.

കെ. പി. എസ്. സി. വഴി നിയമിച്ച ഒരു ഡ്രൈവർ രാജിവച്ച് പോയതിനാൽ, ഒരു ഒഴിവ് ഉടനെ തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

മീൻപിടിത്തക്കാർക്ക് അനുവദിച്ചിട്ടുള്ള മണ്ണെണ്ണ

76 [2065] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻപിടിത്തത്തിന് മത്സ്യത്തൊഴിലാളികൾക്കായി എത്ര മണ്ണെണ്ണ പ്രത്യേക പെർമിറനുസരിച്ച് പ്രതിമാസവും പ്രതിവർഷവും നൽകുന്നുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly